**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2953** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭജലശേഖരം പരിപോഷിപ്പിക്കാനുദ്ദേശിച്ചുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂഗർഭജലനിരപ്പിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ച് നിരീക്ഷിക്കുന്നതിനായി നിലവിലുള്ള സംവിധാനമെന്തെന്ന് വിശദമാക്കുമോ; | (എ) | ഭൂജല നിരപ്പിന്റെ ഏറ്റകുറച്ചിലുകൾ മനസിലാക്കാൻ സംസ്ഥാനത്ത് ഉടനീളം ആകെ 1349 എണ്ണം നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്.കൂടാതെ മേൽ പ്രസ്താവിച്ച 1349 നിരീക്ഷണ കിണറുകളിൽ 208 എണ്ണത്തിൽ ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡർ TELEMETRY സംവിധാനം സ്ഥാപിച്ച പ്രതിദിനം 6 മണിക്കൂർ ഇടവേളകളിൽ 4 ജലവിതാന ഡാറ്റ ശേഖരിച്ച വരുന്നു. ഈ നിരീക്ഷണ കിണറുകളിൽ നിന്ന് പ്രതിമാസ ജലനിരപ്പ് ശേഖരിക്കുകയും ആയതു ഒരു സോഫ്റ്റവെയർ സഹായത്തോടുകൂടി ഡിജിറ്റലൈസ് ചെയ്തു വിവിധ അനാലിസിസുകൾ ചെയ്യുന്നു. കൂടാതെ ഈ നിരീക്ഷണ കിണറുകളിൽ നിന്നും മൺസൂണിന് ശേഷമുള്ളതും മഴക്കാലത്തിനു മുമ്പുള്ളതുമായ സാമ്പിളുകൾ ശേഖരിക്കുകയും ആയതു തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് റീജണൽ ലാബുകളുടെ സഹായത്തോടെ ഗുണനിലവാര പരിശോധനയും നടത്തി വരുന്നു. |
| (ബി) | കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഭൂഗർഭജലനിരപ്പിലുണ്ടായിട്ടുള്ള വ്യത്യാസം സംബന്ധിച്ച് ശേഖരിച്ചിട്ടുള്ള വിവരം വെളിപ്പെടുത്താമോ; | (ബി) | ഭൂജല സ്രോതസുകളുടെ കാലാനുസൃതമായ വിഭവ നിർണയം സംസ്ഥാന ഭൂജല വകുപ്പും, കേന്ദ്രഭൂജല ബോർഡും സംയുക്തമായി നടത്തി വരുന്നു. സംസ്ഥാനത്തെ ഭൂജല സമ്പത്ത് ഭരണ നിർവഹണ ഘടകമായ വികസന ബ്ലോക്ക് അടിസ്ഥാനമാക്കിയാണ് തിട്ടപ്പെടുത്തുന്നത് ഓരോ വർഷവും മഴയിൽ നിന്നും മറ്റു സ്രോതസുകളിൽ നിന്നും പരിപോഷണം ചെയ്യപ്പെടുന്ന ജലത്തിന്റെ അടിസ്ഥാനത്തിലാണ് പ്രധാനമായും ഭൂജല സമ്പത്ത് കണക്കാക്കുന്നത്. ഭൂജല വിനിയോഗത്തിന്റെയും കിണറുകളിലെ ജലനിരപ്പിന്റെ ദീർഘകാലത്തെ ഗതിയും അടിസ്ഥാനമാക്കി ബ്ലോക്കുകളെ അമിത ചൂഷിതം, ഗുരുതരം, അർദ്ധഗുരുതരം, സുരക്ഷിതം എന്നീ നാലു വിഭാഗത്തിൽ തരം തിരിച്ചിരിക്കുന്നു. മാർച്ച് 2023 വരെയുള്ള ഭൂജല സമ്പത്തു |

| | | | |
|---|---|---|---|
| | | | കണക്കാക്കിയിട്ടുണ്ട്. ഏറ്റവും അവസാനമായി പുറത്തിറക്കിയ പഠന റിപ്പോർട്ട് പ്രകാരം ഭൂജല വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അമിത ചൂഷിത ബ്ലോക്കുകൾ ഇല്ല. എന്നാൽ ചിറ്റൂർ, മലമ്പുഴ, കാസറഗോഡ് ബ്ലോക്കുകൾ ഗുരുതര വിഭാഗത്തിൽ ഉൾപ്പെടുന്നു. 30 ബ്ലോക്കുകൾ അർദ്ധ ഗുരുതര വിഭാഗത്തിലും, 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലുമാണ്. ഈ പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം-1ൽ ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഭൂഗർഭജലശേഖരം പരിപോഷിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ; | (സി) | ഭൂജല സംരക്ഷണവും, സംപോഷണവും എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ, ഭൂജല സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനായി<br><br>ശാസ്ത്രീയമായ പഠനങ്ങൾ നടത്തി<br><br>പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. മേൽക്കൂര വഴിയുള്ള മഴവെള്ള **കൊയ്ത്തിലൂടെ** തുറന്ന കിണർ / മഴക്കുഴികൾ/ കുഴൽ കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ വകുപ്പ് നടപ്പിലാക്കി വരുന്നു. 2016 -17 മുതൽ 2024 -25 വരെ ഭൂജല വകുപ്പ് 1093 എണ്ണം വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളിലൂടെ മഴവെള്ള **കൊയ്ത്തു** സാധ്യമാകുകയും ടി പ്രദേശങ്ങളിലെ ഭൂജല സുസ്ഥിരത നിലനിർത്തുന്നതിന് സഹായകമാകുകയും ചെയ്യുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 6 കോടി രൂപ പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. മുഴുവൻ തുകയുമുള്ള 202 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 139 പദ്ധതികൾ ജില്ലകളിൽ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൾ മുഖേന ഭൂഗർഭജലശേഖരത്തിലുണ്ടായ വ്യത്യാസം സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | സംസ്ഥാന ഭൂജല വകുപ്പ് ഇക്കാര്യത്തിൽ പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ വകുപ്പിന്റെ ജലസംരക്ഷണ/ഭൂജലസംപോഷണ മാർഗങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു വകുപ്പുകളുടെ (മണ്ണ് സംരക്ഷണ വകുപ്പ്, MGNREGS) വിവിധ പദ്ധതികളിലൂടെയും സംസ്ഥാനത്തെ ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളെ സുരക്ഷിത ബ്ലോക്കുകളായി കൊണ്ടുവരാൻ സഹായിക്കുന്നു. |

| | | | |
|---|---|---|---|
| | | | ഉദാ:- പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ ആദ്യ വർഷങ്ങളിൽ കാട്ടാക്കട നിയോജകമണ്ഡലം 'നേമം' എന്ന സെമി ക്രിട്ടിക്കൽ ബ്ലോക്കിൽ പെടുകയും ജലസമൃദ്ധി പദ്ധതിയുടെ കീഴിലുള്ള സജീവമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നിയോജക മണ്ഡലത്തിനകത്തെ ജലവിതാനത്തിൽ സുസ്ഥിരത കൈവരിക്കാൻ സഹായിക്കുകയും നേമം ബ്ലോക്ക് സുരക്ഷിത വിഭാഗത്തിൽപെടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

(ബി)

കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഭൂഗർഭജലനിരപ്പിലുണ്ടായിട്ടുള്ള വ്യത്യാസം സംബന്ധിച്ച് പഠനം നടത്തി ബ്ലോക്കുകളെ **വർഗ്ഗീകരണം** നടത്തിയത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കേരളത്തിലെ ഭൂജല സമ്പത്തിന്റെ വർഗ്ഗീകരണം | | | | | |
|---|---|---|---|---|---|
| **വിഭാഗം** | **മാർച്ച് 2013** | **മാർച്ച് 2017** | **മാർച്ച് 2020** | **മാർച്ച് 2022** | **മാർച്ച് 2023** |
| അമിത ചൂഷിതം | 1 | 1 | 0 | 0 | 0 |
| ഗുരുതരം | 2 | 2 | 3 | 3 | 3 |
| ഭാഗീക ഗുരുതരം | 18 | 30 | 29 | 27 | 30 |
| സുരക്ഷിതം | 131 | 119 | 120 | 122 | 119 |
| ആകെ ബ്ലോക്കുകളുടെ എണ്ണം | 152 | 152 | 152 | 152 | 152 |

Sd/-

**സെക്ഷൻ ഓഫീസർ**

Scanned with OKEN Scanner